# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3795

### 15.03.2017 ലെ മറുപടിക്ക്

### സാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | **ശ്രീ. തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും, കയറും വകുപ്പ് മന്ത്രി** |
| **(എ)** വിദേശത്ത് മരണപ്പെട്ടവരുടെ ആശ്രിതർക്ക് വേണ്ടിയുള്ള സാന്ത്വനം പദ്ധതിയിലൂടെ എത്ര പേർക്ക് ഈ സാമ്പത്തിക വർഷം ധനസഹായം നൽകിയിട്ടുണ്ട്; | സാന്ത്വന പദ്ധതി പ്രകാരം വിദേശത്ത് വെച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മാത്രമല്ല ധനസഹായം നല്കുന്നത്. പ്രവാസകാലയളവിന് തുല്യമായ കാലയളവിൽ പ്രവാസ ജീവിതം കഴിഞ്ഞശേഷം നാട്ടിൽ വെച്ച് മരിക്കുന്നവരുടെ ആശ്രിതർക്കും ധനസഹായം നല്കും. ഈ സാമ്പത്തിക വർഷത്തിൽ സാന്ത്വന പദ്ധതി പ്രകാരം 346 അപേക്ഷകർക്ക് മരണാനന്തര ധനസഹായം സർക്കാർ അനുവദിച്ചിരുന്നു. ആയതിൽ 31/08/2016 വരെ ഉത്തരവുകൾ നല്കിയിട്ടുള്ള 147 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നല്കി കഴിഞ്ഞിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പദ്ധതിയിൽ 31/12/2016-ാം തീയതി വരെ സർക്കാർ ഉത്തരവ് ലഭിച്ച എത്ര പേർക്ക് ധനസഹായം ലഭിക്കാനുണ്ട്? | ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ മരണാനന്തര ധനസഹായം ഉൾപ്പെടെ വിവിധ പദ്ധതികളിലായി 828 ഗുണഭോക്താക്കൾക്കാണ് സാന്ത്വന പദ്ധതിയിലൂടെ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളത്. ആയതിൽ മുൻ സാമ്പത്തിക വർഷത്തേതുൾപ്പെടെ 31/08/2016 വരെ ഉള്ള ഉത്തരവുകളിലെ 371 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 01/09/2016 മുതൽ ഉള്ള സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുന്ന 297 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ